**Shikshan Sanshodhan** : Journal of Arts, Humanities and Social Sciences
Monthly, Peer-Reviewed, Refereed, Indexed Journal
Volume - 8, Issue - 6, June - 2025
ISSN(o): 2581-6241
Impact Factor: 7.384

DOIs:10.2018/SS/202506016 --:-- Research Paper / Article / Review

# സ്ത്രീസ്വത്വാവിഷ്കാരം - കെ.ആർ മീരയുടെ 'മീരാസാധു' എന്ന നോവലിൽ

**ഡോ. പെട്രീഷ്യ ജോൺ**
**അസോ. പ്രൊഫ., ഫാത്തിമ മാതാ നാഷണൽ കോളേജ് (ഓട്ടോണമസ്), കൊല്ലം**
**Email - patriciajohn1975@gmail.com**

**സംഗ്രഹം:** സ്ത്രീസ്വാതന്ത്ര്യത്തിന്റെയും അവകാശത്തിന്റെയും സൂചകമായിട്ട് ഫെമിനിസം എന്ന പദത്തെ വിലയിരുത്തുന്നുണ്ടെങ്കിലും സ്ത്രീജീവിതത്തോടും അനുഭവത്തോടും സംസ്കാരത്തോടും പ്രവൃത്തികളോടും അത് വളരെയേറെ ബന്ധപ്പെട്ടുനിൽക്കുന്നുണ്ട്. കെ.ആർ. മീരയുടെ 'മീരാസാധു' എന്ന നോവലിനെ സ്ത്രീവാദത്തിന്റെ അടിസ്ഥാനത്തിൽ പഠനവിധേയമാക്കാൻ സാധിക്കുമോ എന്ന അന്വേഷണമാണ് "സ്ത്രീസ്വത്വാവിഷ്കാരം - കെ.ആർ. മീരയുടെ 'മീരസാധു' എന്ന നോവലിൽ" എന്ന പ്രബന്ധത്തിലൂടെ നടത്തുന്നത്.

**താക്കോൽ വാക്കുകൾ:**

സ്ത്രീവാദം - Feminism

സ്ത്രീവാദസാഹിത്യം - Feminist Literature

സ്ത്രീവാദപഠനം - Feminist Studies

## 1. ആമുഖം:

ഫെമിനിസം അല്ലെങ്കിൽ സ്ത്രീവാദം ഇന്ന് വിപുലമായി വിനിമയം ചെയ്യപ്പെടുന്നൊരു പദമാണ്. സ്ത്രീസ്വാതന്ത്ര്യത്തിന്റെയും അവകാശത്തിന്റെയും സൂചക മായിട്ട് ഫെമിനിസം എന്ന പദത്തെ വിലയിരുത്തുന്നുണ്ടെങ്കിലും സ്ത്രീജീവിതത്തോടും അനുഭവത്തോടും സംസ്കാരത്തോടും പ്രവൃത്തികളോടും അത് വളരെയേറെ ബന്ധപ്പെട്ടു നിൽക്കുന്നുണ്ട്. ഈ പ്രസ്ഥാനത്തിന്റെ നിരൂപണശാഖയാണ് ഫെമിനിസ്റ്റ് സാഹിത്യ സിദ്ധാന്തം. സമൂഹത്തിലും സാഹിത്യത്തിലും സ്ത്രീയുടെ സ്ഥാനം, സ്വാതന്ത്ര്യം, അവകാശങ്ങൾ എന്നിവയ്ക്കെല്ലാം ഫെമിനിസം പ്രാധാന്യം നൽകുന്നു. പുരുഷന്റെ കുത്തകയായിരുന്ന സാഹിത്യത്തിൽ പുരുഷനിർവചനങ്ങൾക്കുള്ളിൽ അകപ്പെട്ടുപോ യിരുന്ന സ്ത്രൈണസത്തയും ആദർശാത്മകപരിവേഷങ്ങളിൽ അവതരിപ്പിക്കപ്പെട്ട പുരുഷ സത്തയും യാഥാർത്ഥ്യത്തിൽ നിന്ന് അകലെയാണെന്നും സ്ത്രീകൾ പുരുഷന്റെ പൊയ്മുഖങ്ങൾ തിരിച്ചറിയുന്നതിനോടൊപ്പം സ്വയം തിരിച്ചറിയപ്പെടേണ്ടതുണ്ടെന്നും സമൂഹത്തെ ബോധ്യപ്പെടുത്തുകയായിരുന്ന സ്ത്രീപക്ഷ എഴുത്തുകാരികൾ.

## 2. എഴുത്തുകാരികൾ

സമകാലികസാഹിത്യത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുന്ന ഉത്തരാധുനിക എഴുത്തുകാരിയാണ് കെ.ആർ. മീര. മീരയുടെ 'മീരാസാധു' എന്ന നോവലെറ്റിനെ സ്ത്രീവാദത്തിന്റെ അടിസ്ഥാനത്തിൽ പഠനവിധേയമാക്കാൻ സാധിക്കുമോ എന്ന അന്വേഷണമാണ് **"സ്ത്രീസ്വത്വാവിഷ്കാരം - കെ.ആർ. മീരയുടെ 'മീരാസാധു' എന്ന നോവലിൽ"** എന്ന പ്രബന്ധത്തിലൂടെ നടത്തുന്നത്.

സ്ത്രീ എന്തെന്നും അവളുടെ സ്വത്വം എന്തെന്നും തിരിച്ചറിഞ്ഞ് അത് സമൂഹത്തെ ബോധ്യപ്പെടുത്താനും പുരുഷന്റെ കടന്നാക്രമണങ്ങളോട് പ്രതിഷേധിക്കാനും പ്രതികരിക്കാനും സ്ത്രീയെ പ്രാപ്തയാക്കുകയാണ് സ്ത്രീപക്ഷസാഹിത്യങ്ങൾ. സ്ത്രീയനുഭവങ്ങൾക്ക് മേലുള്ള സ്ത്രീയുടെ കാഴ്ചപ്പാടുകൾക്ക് പ്രസക്തിയേറുന്ന ആധുനികാനന്തരതയിൽ സ്ത്രീയുടെ ഉടലെഴുത്ത് പുരുഷാധിപത്യ സങ്കല്പങ്ങളോടുള്ള നിരാകരണമാണ്. മലയാളസാഹിത്യ ത്തിൽ ആധുനികഭാവങ്ങൾ കണ്ടെത്തിക്കൊണ്ടിരിക്കുന്ന കെ.ആർ. മീരയുടെ കൃതികളി ലെല്ലാം നിറഞ്ഞു നിൽക്കുന്നത് സ്ത്രീസ്വത്വത്തിന്റെ മുഴുവൻ ആധികളാണ്.

ഉത്തരാധുനിക എഴുത്തുകാരിയായ കെ.ആർ. മീരയുടെ 'മീരാസാധു' എന്ന ലഘുനോവൽ ഭദ്രമായ രൂപശിൽപ്പവും സാർവ്വജനീനമായ ജീവിതാനുഭവങ്ങളുടെ ആവിഷ്കരണവും കൊണ്ട് വ്യത്യസ്തത പുലർത്തുന്നു. 'തുളസി' എന്ന അതിശക്തമായ നായികാകഥാപാത്രത്തെ മുൻനിർത്തി, സ്ത്രീസമൂഹം അനുഭവിക്കുന്ന സംഘർഷങ്ങളും അതിനോടുള്ള അവരുടെ പ്രതികരണങ്ങളുമാണ് അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. 'മീരാസാധു' എന്ന നോവലെറ്റിനെ അടിസ്ഥാനമാക്കി, സ്ത്രീ സ്വത്വാവിഷ്കാരത്തെക്കുറിച്ചുള്ള പഠനമാണ് ഈ പ്രബന്ധത്തിലൂടെ ലക്ഷ്യമാക്കുന്നത്.

മനുഷ്യന്റെ മാനസികവും വൈകാരികവും കായികവുമായ സൂക്ഷ്മാംശങ്ങൾ ആവിഷ്കരിക്കുന്നതാണ് സാഹിത്യം. മർദ്ദിതരും പീഢിതരുമായ സാധാരണ ജനങ്ങളുടെ ചിത്രമായിരുന്നു വിശ്വസാഹിത്യം മുതൽ അനുവാചകരെ കൂടുതൽ ആകർഷിച്ചത്. സ്ത്രീവർഗ്ഗം, അടിമകൾ, ദളിതർ തുടങ്ങിയ ഏതൊരു പീഢിതവർഗ്ഗവും ആശ്രയം കണ്ടെത്തുന്നത്, സാഹിത്യകൃതികളിലാണ്. അതിൽ ഏറ്റവും പ്രധാനം സ്ത്രീതന്നെയാണ്. തന്റെ അവഗണിക്കപ്പെടുന്ന വ്യക്തിത്വത്തിനും ആത്മാഭിമാനത്തിനും വേണ്ടി നിരന്തരം പോരാടുന്ന സ്ത്രീകഥാപാത്രങ്ങളെ തുടക്കം മുതൽ സാഹിത്യത്തിൽ കാണാൻ സാധിക്കും.

സ്ത്രീകളെക്കുറിച്ച് നിലനിൽക്കുന്ന മൂല്യരഹിതമായ ധാരണകളെ എതിർക്കുന്ന വ്യത്യസ്തമായൊരു കാഴ്ചപ്പാടാണ് ഫെമിനിസം. നിരന്തരമായ പരാമർശങ്ങൾ കൊണ്ട് വിധേയമായ ഒരു ചിന്താപദ്ധതിയാണിത്. സ്ത്രീസമൂഹത്തെ പുരോഗതിയുടെ വെളിച്ചത്തി ലേക്ക് കൊണ്ടുവരിക എന്നതായിരുന്നു ഫെമിനിസത്തിന്റെ ലക്ഷ്യം. സമൂഹം സ്ത്രീകൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ നിന്നും നിയമങ്ങളിൽ നിന്നും പുറത്തുകടക്കാനുള്ള വെമ്പലുണ്ടായതിന്റെ ഫലമായാണ് ഫെമിനിസം എന്ന ആശയം രൂപപ്പെട്ടത്. 'ഫെമിനിസ്റ്റ്' എന്ന പദം 'തന്റെ സ്വാതന്ത്ര്യം പടപൊരുതി തിരിച്ച്പിടിക്കാൻ കെൽപ്പുള്ള വൾ' എന്ന അർത്ഥത്തിൽ ആദ്യമായി പ്രയോഗിച്ചു കണ്ടുന്നത് 1895 ഏപ്രിൽ 25 തീയതി പ്രസിദ്ധീകരിച്ച 'അഥിനീയം' എന്ന ആനുകാലികത്തിലാണ്. ലിംഗസമത്വത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രീകളുടെ അവകാശത്തിനുവേണ്ടിയുള്ള വാദം എന്നാണ് ഓക്സ്ഫോർഡ് ഇംഗ്ലീഷ് ഡിക്ഷ്ണറി ഫെമിനിസത്തെ നിർവചിക്കുന്നു.

ഫെമിനിസം അഥവാ സ്ത്രീവാദം വിപുലമായി വിനിമയം ചെയ്യപ്പെടുന്ന ഒരു പദമാണ്. സ്ത്രീസ്വാതന്ത്ര്യത്തിന്റെയും അവകാശത്തിന്റെയും സൂചകമായി ഫെമിനിസം എന്ന പദത്തെ വിലയിരുത്തുണ്ടെങ്കിലും സ്ത്രീജീവിതത്തോടും അനുഭവത്തോടും സംസ്കാര ത്തോടും പ്രവൃത്തികളോടും അത് വളരെ ബന്ധപ്പെട്ടു നിൽക്കുന്നുണ്ട്. യഥാർത്ഥത്തിൽ അടിച്ചമർത്തപ്പെട്ട സ്ത്രീവിഭാഗത്തെ ഉയർത്തെഴുന്നേൽപ്പിച്ച കാഹളമാണ് ഫെമിനിസം. സ്ത്രീയുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും അവസ്ഥകളും പാർശ്വവൽക്കരിക്കപ്പെടുന്നു. ഇവയോടെല്ലാമുള്ള കലാപത്തിൽ നിന്നുമാണ് ഫെമിനിസത്തിന്റെ ഉത്ഭവം എന്നു പറയാം. പുരുഷാധിപത്യലോകത്തുനിന്നും സ്ത്രീയെ സ്വതന്ത്രരാക്കുകയും സമൂഹത്തിൽ സ്ത്രീയുടെ സ്വത്വം സ്ഥാപിക്കുകയുമായിരുന്നു ഫെമിനിസത്തിന്റെ പരമമായ ലക്ഷ്യം.

യഥാർത്ഥത്തിൽ, പുരുഷനോടല്ല, പുരുഷാധിപത്യവ്യവസ്ഥകളോടാണ് ഫെമിനിസ്റ്റുകൾ പൊരുതുന്നത്. പുരുഷാധിപത്യത്തെ ഉന്മൂലനം ചെയ്ത് ആ സ്ഥാനത്ത് സ്ത്രീയെ പ്രതിഷ്ഠിക്കുകയല്ല മറിച്ച്, ആണും പെണ്ണും എന്ന ലിംഗവിവേചനമില്ലാതെ മനുഷ്യനായി മാത്രം കാണുന്ന ഒരു പുതിയ ലോകത്തെയാണ് ഫെമിനിസം വിഭാവനം ചെയ്യുന്നത്. തങ്ങൾക്ക് അനുഭവിക്കേണ്ടിവരുന്ന നിഷേധങ്ങൾക്കും അസ്വാതന്ത്ര്യത്തിനും എതിരെ പ്രതികരിച്ചുകൊണ്ടാണ് സ്ത്രീ തന്റെ സ്വത്വം നിർണ്ണയിക്കുന്നത്.

### 3. കെ.ആർ. മീരയുടെ കൃതികളിലെ സ്ത്രീപക്ഷചിന്ത

ഉത്തരാധുനികതയുടെ ആഖ്യാനപരിസരങ്ങളിൽ നിന്നുകൊണ്ട് സമകാലീന സാമൂഹിക സാംസ്കാരിക ഇടങ്ങളെ ശക്തമായ ഭാഷയിൽ ആവിഷ്കരിക്കുന്ന മലയാള സാഹിത്യത്തിലെ ശ്രദ്ധേയയായ എഴുത്തുകാരിയാണ് കെ.ആർ.മീര, സ്ത്രൈണത, ലൈംഗികത, ശരീരം എന്നിവയെക്കുറിച്ചുള്ള സ്ത്രീയുടെ സ്വതന്ത്രമായ കാഴ്ചപ്പാടുകൾ മീരയുടെ രചനകളിൽ ആവിഷ്കരിക്കപ്പെടുന്നു. പുരുഷനോടുള്ള എതിർപ്പുകൾക്കും സമരസ പ്പെടലുകൾക്കുമപ്പുറം സ്വന്തം സ്വത്വം ഉറപ്പിച്ചെടുക്കുന്ന ഉൾക്കരുത്താർന്ന സ്ത്രീകഥാ പാത്രങ്ങളെയാണ് അവരുടെ കൃതികളിൽ കാണുവാൻ സാധിക്കുന്നത്. ഭാവാത്മകതയും വൈകാരികാനുഭൂതിയുമാണ് മീരയുടെ എഴുത്തിനെ ആകർഷകമാക്കുന്നത്. പ്രണയം, ഏകാന്തത, കാത്തിരിപ്പ്, സമകാലിക സാമൂഹികാവസ്ഥകൾ, മതം, സ്ത്രീസ്വകാര്യതകൾ, സ്ത്രീപുരുഷ വീക്ഷണവിപര്യങ്ങൾ എന്നിങ്ങനെ ഒരേ സമയം ലളിതവും ആർജ്ജവുമാർന്ന വിഷയങ്ങൾ അവരുടെ കഥാപരിസരത്തെ ബഹുസ്വരമാക്കുന്നു. സ്ത്രീത്വത്തിന്റെ സംഘർഷങ്ങളും പ്രതിസന്ധികളും പുതുനൂറ്റാണ്ടിന്റെ മൂല്യച്യുതികളും പങ്കുവയ്ക്കുന്ന മീരയുടെ കഥകളും നോവലുകളും പ്രകോപനപരമായ ഉള്ളടക്കങ്ങൾ ആലേഖനം ചെയ്യുന്നു.

സ്ത്രീയനുഭവങ്ങൾക്ക് മേലുള്ള സ്ത്രീയുടെ കാഴ്ചപ്പാടുകൾക്ക് പ്രസക്തിയേറുന്ന ആധുനികാനന്തരതയിൽ സ്ത്രീയുടെ ഉടലെഴുത്ത് പുരുഷാധിപത്യസങ്കല്പങ്ങളോടുള്ള നിരാകരണമാണ്. പുരുഷവീക്ഷണങ്ങളെക്കൂടി അംഗീകരിച്ചുകൊണ്ടും ഉൾക്കൊണ്ടുമുള്ള രചനാരീതിയിൽ സ്ത്രീയുടെ വിധേയത്വമനോഭാവത്തിനു പിന്നിൽ മറച്ചുവയ്ക്കപ്പെട്ടിരിക്കുന്ന ഉൾക്കരുത്തിന്റെ പ്രോജ്ജ്വലതയെയാണ് മീര തന്റെ കഥാപാത്രങ്ങളിലൂടെ ആവിഷ്കരി ക്കുന്നത്.

### 4. സ്ത്രീസ്വത്വാവിഷ്കാരം - മീരാസാധു എന്ന നോവലിൽ

പ്രണയം, വിവാഹം, കുടുംബം, സദാചാരം തുടങ്ങിയവയെ സ്ത്രീപക്ഷത്തുനിന്ന് വീക്ഷിക്കുകയാണ് 'മീരാസാധു' എന്ന ലഘുനോവലിലൂടെ കെ.ആർ. മീര ചെയ്യുന്നത്.

സ്ത്രീയെക്കുറിച്ചുള്ള മിഥ്യാധാരണകൾക്ക് പിന്നിലെ യാഥാർത്ഥ്യങ്ങൾ വെളിപ്പെടുത്താനാണ് എഴുത്തുകാരി ഈ നോവലിലൂടെ ശ്രമിക്കുന്നത്. സ്വന്തം ഉത്തരവാദിത്വങ്ങൾക്ക് പുറമേ മനസ്സിന്റെ ആഗ്രഹങ്ങൾക്കും സ്വപ്നങ്ങൾക്കുമനുസരിച്ച് ജീവിക്കാനുള്ള സ്വാതന്ത്ര്യം സ്ത്രീക്കുമുണ്ട് എന്ന സത്യാവസ്ഥ വെളിവാക്കുന്ന രചനയാണ് 'മീരാസാധു'. ആസക്തിയും പ്രണയവും ഭക്തിയും കമ്പോളവത്ക്കരണവും പുരാവൃത്തവും മിത്തുകളും ഇതിൽ നിറഞ്ഞുനിൽക്കുന്നു. തുളസി എന്ന കേന്ദ്രകഥാപാത്രത്തെ മുൻനിർത്തിക്കൊണ്ട്, വൃന്ദാവനത്തിലെ പതിനായിരത്തോളം വരുന്ന അഗതികളായ സ്ത്രീജീവിതങ്ങൾ അനുഭവി ക്കേണ്ടിവരുന്ന പീഡനങ്ങളും ദുരിതങ്ങളുമാണ് ഈ നോവലിൽ പ്രതിപാദിച്ചിരിക്കുന്നത്.

വൃന്ദാവനം എന്നു കേൾക്കുമ്പോൾ ശരാശരി ഭാരതീയന്റെ മനസിലുണരുന്ന കാൽപ്പനിക മനോഹരവും ഭക്തിനിർഭരവുമായ ചില ചിത്രങ്ങളുണ്ട്. നമ്മുടെയെല്ലാം ഭാവനകളിലെ സങ്കല്പചിത്രങ്ങളെയെല്ലാം തകർത്ത് തരിപ്പണമാക്കിക്കൊണ്ടാണ്, കെ.ആർ. മീര ഐ.ഐ.ടി യിൽ നിന്ന് ഒന്നാം റാങ്കോടെ ബിരുദമെടുത്ത തുളസി, വൃന്ദാവനത്തിലെ അഗതികളായ മീരാസാധുക്കളിൽ ഒരുവളായതെങ്ങനെയെന്ന് അവതരിപ്പിക്കുന്നത്. വൃന്ദാവനത്തിൽ അയ്യായിരത്തിലധികം ക്ഷേത്രങ്ങളും പതിനായിരത്തോളം അഗതികളായ സ്ത്രീകളുമുണ്ട്. വെള്ളസാരിയുടുത്ത്, തലമുണ്ഡനംചെയ്ത്, രാപ്പകലില്ലാതെ കൃഷ്ണനെ ഭജിച്ച് ജീവിതം തള്ളിനീക്കുന്ന ഇവർ, ലൈംഗികചൂഷണങ്ങളിൽ നിന്നും കൊടിയദാരിദ്ര്യത്തിൽനിന്നും വിഭജനങ്ങളിൽ നിന്നും ഓടിപ്പോരേണ്ടിവന്നവ രാണ്. ഇങ്ങനെ വ്യത്യസ്ത ഇടങ്ങളിൽ നിന്നും ജീവിതം നഷ്ടമായ സ്ത്രീകൾ നിവൃത്തികേടുകൊണ്ട് മീരാസാധുക്കളുടെ വേഷമണിഞ്ഞ് ജീവിതം തള്ളിനീക്കുന്നു. വൃന്ദാവ നത്തിലെ അഗതികളായ വിധവകൾ മാത്രമാണവർ. ഭർതൃമതികളും കന്യകമാരും ഇവിടെ രാധാമയിമാരാണ്. ജീവിതസൗഭാഗ്യങ്ങൾ വലിച്ചെറിഞ്ഞ്, മീരാസാധുവാകാൻ തീരുമാനിച്ച തുളസി അതിശക്തമായ നായികാകഥാപാത്രമാണ്. "എനിക്ക് രാധയാകണ്ട, മീരയായാൽമതി. രാധ പതിനായിരത്തിൽ ഒരുവൾ മീര ഒന്നേയുള്ളു." അതാണ് മീരാസാധുവിന്റെയും കരുത്ത്. ഉപേക്ഷിക്കപ്പെട്ടവളുടെ വേദന പകയായ് മാറുമ്പോൾ അതിന് കാളകൂടത്തേക്കാൾ വീര്യമുണ്ടാവുമെന്ന് മീരാസാധുവിലൂടെ കാട്ടിത്തരികയാണ് കെ.ആർ. മീര.

കീഴടങ്ങി നിൽക്കുമ്പോൾ തോൽക്കാത്തവരും പൊരുതുമ്പോൾ പൂർണ്ണമായി ജയിക്കാത്തവരുമായ സ്ത്രീകളുടെ നീണ്ടനിര മീരയുടെ കഥാലോകത്തുണ്ട്. അത്തര ത്തിലുള്ള സ്ത്രീകഥാപാത്രമാണ് തുളസിയും. പുരുഷാധിപത്യത്തിന്റെ പരിധിക്കുള്ളിൽ താമസിക്കുന്ന എല്ലാ സ്ത്രീകളെയും അവൾ പ്രതിനിധീകരിക്കുന്നു. എട്ടുവർഷംമാത്രം നീണ്ടുനിന്ന ദാമ്പത്യം അവളുടെ സിരകളിൽ വിഷവും പകയും നിറയ്ക്കുന്നു. വൃന്ദാവനത്തിലെ മീരാസാധുവാകുന്ന തുളസിയെത്തേടി പന്ത്രണ്ട് വർഷങ്ങൾക്ക് ശേഷം ഭർത്താവ് മാധവൻ എത്തുമ്പോൾ സ്വയം പീഡിപ്പിച്ച് വേദനിപ്പിക്കുന്ന തുളസി, തന്റെ പ്രതികാരം പൂർത്തിയാക്കുന്നത് ഭിക്ഷാപാത്രം അയാളുടെ മുന്നിലേക്ക് നീട്ടികൊണ്ടായിരുന്നു. അയാൾ തളർന്ന് നിലം നിലംപതിക്കുമ്പോൾ ആത്മസംതൃപ്തിയോടെ തന്റെ താമസസ്ഥലത്തേയ്ക്കു മടങ്ങുന്നു.

ഐ.ഐ.ടി.യിലെ റാങ്ക് ഹോൾഡറായ തുളസി സമ്പന്നകുടുംബത്തിലെ അംഗവും കേരളത്തിലെയൊരു ഐ.ജി.യുടെ മകളുമാണ്. നേരത്തേപരിചയമുള്ള സുഹൃത്ത്, വിനയനുമായി നിശ്ചയിച്ചുറപ്പിച്ച വിവാഹത്തലേന്ന് തന്റെ കൂടെ ഇറങ്ങിവരും വിധം അവളുടെ മനസ്സിനെ ആകർഷിക്കാൻ മാധവന് കഴിഞ്ഞിരുന്നു. കൃഷ്ണനെപ്പോലെ ഇരുപത്തിയേഴു കാമുകിമാർ അയാളുടെ ജീവിതത്തിൽ വന്നിട്ടുണ്ടെന്നറിഞ്ഞിട്ടും,

അവൾ മാധവനെ തന്നെ വിവാഹം ചെയ്യാൻ തീരുമാനിക്കുന്നു. തുളസിയെപ്പോലെ നിശ്ചയ ദാർഢ്യമുള്ളവരായിരുന്നില്ല മറ്റ് ഇരുപത്തിയേഴ് കാമുകിമാരും. അവരിലൊരാൾ പോലും മരണപര്യന്തം വരെ അയാളെ മാത്രം ധ്യാനിച്ചുകഴിയുമെന്നും മാധവന് വിശ്വാസം ഉണ്ടായിരുന്നില്ല. അതുകൊണ്ട്മാത്രമാണ് തുളസിയെ വിവാഹം ചെയ്യാൻ അയാൾ തീരുമാനിക്കുന്നത്. എത്ര കാമുകിമാർ വന്നുപോയാലും തുളസി മാത്രമാണ് എന്റെ സ്ത്രീ എന്ന മാധവന്റെ പൊള്ളയായ വാക്കുകൾ അവൾ വിശ്വസിക്കുന്നത് മാധവനോടുള്ള ആത്മാർത്ഥമായ പ്രണയം മൂലമാണ്. സ്ത്രീയുടെ ഏറ്റവും വലിയ ബലഹീനത സ്നേഹമാണ്. അതു കൊണ്ടാണ് തുളസി വിനയനിൽ നിന്നും മാധവനിലേക്ക് ചേക്കേറിയത്.

പ്രണയത്തിന് ശാരീരികവും മാനസികവുമായ തലം മാത്രമല്ല ദിവ്യവും നിഗൂഢവുമായ തലം കൂടി നൽകുന്നു. മാധവനുമായുള്ള ദാമ്പത്യജീവിതം തുടക്കത്തിൽ മധുരമുള്ളതായിരുന്നു. മധുവിധുവിന്റെ ആദ്യദിനങ്ങളിൽ ഒരു സ്ത്രീയെ എങ്ങനെയൊക്കെ ആനന്ദിപ്പിക്കാമെന്ന് അവൾക്ക് അയാൾ കാട്ടിക്കൊടുത്തു. രതി ഒരനുഷ്ഠാനമായിരുന്ന മാധവന്റെ നെഞ്ചിൽ തൂവൽപോലെ അവൾ വാടിക്കിടന്നു. അയാളുടെ സാമീപ്യത്താൽ, നോട്ടം കൊണ്ട് സുന്ദരിയും സ്പർശം കൊണ്ട് ദേവതയുമായെന്ന് പലപ്പോഴും അനവൾക്ക് അനുഭവപ്പെട്ടു. സ്നേഹിക്കപ്പെടാത്തവരും സ്നേഹിക്കാത്തവരുമായ സ്ത്രീകളെക്കുറിച്ചും സ്നേഹമറിയാത്ത സ്ത്രീകൾ പ്രസവിച്ച കുട്ടികളെക്കുറിച്ചോർത്തും അവൾ ദുഃഖിച്ചു. എന്നാൽ സ്വന്തം വാൽ വിഴുങ്ങിയ സർപ്പത്തെപ്പോലെയായിരുന്നു അവളുടെ പ്രേമം. സ്വയം വായിലാക്കാൻ ശ്രമിച്ച് അതു വട്ടംകറങ്ങി. മാധവന്റെ ജീവിതത്തിലേക്ക് ഇരുപത്തിയേഴ് കാമുകിമാർക്കുശേഷം എത്തിയ തുളസി, താനാണയാളുടെ അവസാനലക്ഷ്യമെന്നു വിശ്വസിച്ചു. പക്ഷേ അവൾ രണ്ടു കുഞ്ഞുങ്ങളുടെ അമ്മയാവുന്നതിനിടെ മാധവന്റെ ജീവിതത്തിൽ ഒരു യുവനടിയും അവർക്ക് പിന്നാലെ ഒരു രാഷ്ട്രീയനേതാവും ഒരു പത്രപ്രവർത്തകയും പിന്നാലെ ഒരു ചാനൽ അവതാരകയും ഒടുവിലൊരു നർത്തകിയും പ്രവേശിച്ചു കഴിഞ്ഞിരുന്നു. തുളസിയുടെ പരിഭവങ്ങളും പ്രതിഷേധങ്ങളും മാധവൻ അസൂയയെന്ന് ചിരിച്ചുതള്ളി. തന്റെ വിധിയെ പഴിച്ച് രണ്ട് മക്കളുമായി അയാൾക്കൊപ്പം കഴിഞ്ഞുകൂടാനേ അവൾക്ക് നിവൃത്തിയുണ്ടായിരുന്നുള്ളൂ. ശാരീരികമോ വൈകാരികമോ ആയ മോശംബന്ധത്തിൽ കുടുങ്ങിയ സാധാരണ സ്ത്രീയുടെ പ്രതിനിധിയാണ് തുളസി. അവൾ ഉയർത്തുന്ന ഓരോ പ്രതിഷേധവും, ശാന്തമായ വാക്കുകളാൽ അയാൾ നിശബ്ദമാക്കുന്നു. വ്യക്തമായ തെളിവുകളുടെ പശ്ചാത്തലത്തിൽ പോലും അയാൾ സ്നേഹിക്കുന്ന ഒരേയൊരു സ്ത്രീ താനാണെന്ന് വിശ്വസിക്കാൻ അവൾ ആഗ്രഹിക്കുന്നു. ഒരിക്കലും തന്റെ വിധിയെ ഓർത്ത് അവൾ കണ്ണുനീർ പൊഴിക്കുന്നില്ല.

ഗാർഹികാന്തരീക്ഷത്തിന്റെ നാലുചുവരുകൾക്കുള്ളിൽ ജീവിക്കുന്ന സ്ത്രീക്ക് തനതായ വ്യക്തിത്വമുണ്ടെന്ന് അംഗീകരിക്കാൻ പുരുഷലോകം തയ്യാറാകുന്നില്ല. ഐ.ഐ.ടി. യിൽ നിന്ന് ഒന്നാംറാങ്കോടെ ബിരുദമെടുത്ത തുളസി, മാധവന്റെ എല്ലാ ആവശ്യങ്ങളും നിർവഹിക്കുകയും അയാളുടെ കുട്ടികളെ പോറ്റുകയും ചെയ്യുന്ന വീട്ടമ്മയായി മാറുന്നു. ഇന്ത്യയ്ക്ക് അഭിമാനമാകേണ്ട ബ്രയിനും ഒരുപക്ഷേ ഭാവിയിലെ ഒരു നോവൽ ജേതാവുമാകേണ്ടവളാണ് തുളസിയെന്ന് പറഞ്ഞ മാധവൻ തന്നെ വിവാഹശേഷം അവളെ നാലുചുവരുകൾക്കുള്ളിൽ തളച്ചിടുന്നു. ആ ജീവിതം അവൾ സ്വയം അംഗീകരിക്കുന്നുണ്ട്. സാമ്പത്തികസ്വാതന്ത്ര്യത്തിന്റെയോ കുടുംബപിന്തുണയുടെയോ അഭാവത്തിൽ അവൾക്ക് മുന്നിൽ കൂടുതൽ മാർഗ്ഗങ്ങളുണ്ടായിരുന്നില്ല. ആദ്യകാലത്ത്, അയാളുടെ പരസ്ത്രീബന്ധങ്ങളെ ചോദ്യം

ചെയ്യുമ്പോൾ ഭ്രാന്തുപിടിപ്പിക്കുന്ന സ്നേഹലാളന കളും രതിസുഖവും കോരിച്ചൊരിഞ്ഞ് അവളുടെ സംശയങ്ങളെ ഇല്ലാതാക്കാൻ ശ്രമിക്കുന്നു. അതേ സമയം ഡൽഹിയിലെ മിടുക്കനായ ജേണലിസ്റ്റായി മാധവൻ വളർന്നു കഴിഞ്ഞിരുന്നു. പണം, പ്രശസ്തി, ചാനലിലേക്കുള്ള മാറ്റം അതോടൊപ്പം അനവധി സ്ത്രീകളെയും അയാൾ സമ്പാദിച്ചിരുന്നു. തുളസിയും മകനും വിസ്മൃതരായി ക്കൊണ്ടിരുന്നു. പിണക്കവും പരിഭവവും ശകാരവും മാധവനെ കൂടുതൽ അകലെ യാക്കുകയും വീട്ടിലേക്കുള്ള വരവു തന്നെ വല്ലപ്പോഴുമാവുകയും ചെയ്തു. നിത്യച്ചിലവിനു പോലും പണം തികയാതെവന്ന ഘട്ടത്തിൽ, പൂർണ്ണഗർഭിണിയായ തുളസി ഉപേക്ഷിക്കപ്പെട്ടവളും വിവരം കെട്ടവളും വിരൂപയുമായി ഭർത്താവിനെ അന്വേഷിച്ചു പോകുന്നുണ്ട്. അവനെക്കുറിച്ചുള്ള മതിപ്പായിരുന്നു അവളുടെ ആത്മവിശ്വാസം. പക്ഷേ അവളെ കണ്ടമാത്രയിൽ ഒരു അകന്നബന്ധുവിനെപ്പോലെ പെരുമാറിയതും ജാള്യത യോടെ ചിരിച്ചതും അവളുടെ അഭിമാനത്തെയാണ് മുറിപ്പെടുത്തിയത്.

ഡൽഹിയിലെ ഫ്ളാറ്റിന്റെ കിടപ്പറയിൽ മാധവന്റെ കാമുകിമാരുടെ പ്രേമലേഖനങ്ങൾക്കിടയിൽ ശവം തീനിയുറുമ്പുകൾ അരിച്ചുകൊണ്ടിരുന്ന കറുത്തപാമ്പി ന്റെയും അത് പാതിവിഴുങ്ങിയ ചുണ്ടെലിയുടെയും ചിത്രം തുളസിയുടെയും മാധവന്റെയും പ്രണയബന്ധത്തിന്റെയും അതിന്റെ പരിണതിയുടെയും രൂപങ്ങളായിമാറുന്നു. ഇര വിഴുങ്ങിക്കൊണ്ടിരിക്കെ ചത്തുപോകുന്ന അവസ്ഥ. ഗർഭിണിയും ഏകാകിയുമായിരുന്ന വേളയിൽ ആ കാഴ്ച അവളിൽ ഉണ്ടാക്കിയ മനഃസംഘർഷം വളരെ വലുതായിരുന്നു. മാധവന്റെ കൊടിയ അവഗണന സഹിക്കാനാകാതെ, അച്ഛന് ക്ഷമാപണം ചോദിച്ച് കത്തെഴുതുകയും അദ്ദേഹം അവളെ നാട്ടിലേക്ക് കൊണ്ടുപോവുകയും ചെയ്യുന്നുണ്ട്. പ്രസവശേഷം പൊള്ളയായ സ്നേഹം അഭിനയിച്ച് മാധവൻ അവളെ വീണ്ടും ഡൽഹിയിലേക്ക് കൂട്ടികൊണ്ട് പോകുന്നതോടെ അവളുടെ ജീവിതം വീണ്ടും ഉറുമ്പരിച്ചു തുടങ്ങിയിരുന്നു. അറിവും വിദ്യാഭ്യാസവും കഴിവുകളും സമൂഹത്തിൽ മാന്യമായ സ്ഥാനവുമുള്ള സ്ത്രീകൾ പോലും ദാമ്പത്യം എന്ന തടവറയ്ക്കുള്ളിൽ അകപ്പെട്ടുപോകുന്നതിന് മുഖ്യകാരണം അവളുടെ അധികാരി എന്ന ബോധം പുലർത്തുന്ന പുരുഷനാണ്.

സ്ത്രീയുടെ മനസ്സിനെയോ വിചാരങ്ങളെയോ പരിഗണിക്കാതെ അവളെപ്പോലും പുരുഷന്റെ നിഴലാണെന്ന തോന്നൽ ഉളവാക്കുന്ന ഒരു സാമൂഹിക സ്ഥാപനമാണ് കുടുംബം. അവിടെ സ്ത്രീയെ വെറുമൊരു ശരീരം മാത്രമായി കാണുന്ന പുരുഷപ്രതിനിധിയാണ് മാധവൻ. അയാളുടെ പരസ്ത്രീബന്ധങ്ങളെ പ്രതിഷേധത്തോടെ യാണെങ്കിലും അതെല്ലാം സഹിച്ച് തുളസി അവനോടൊപ്പം കഴിയുന്നത് അയാളോടുള്ള ആത്മാർത്ഥമായ പ്രണയം മൂലമാണ്. ഒടുവിൽ തന്റെ ഭർത്താവ് മറ്റൊരു സ്ത്രീയെ ഗർഭിണിയാക്കുകയും നിർബന്ധിച്ച് ഗർഭം അലസിപ്പിക്കുകയും ചെയ്ത വാർത്ത നിർവികാരതയോടെ കേട്ടിരിക്കുന്ന തുളസി അയാളോട് കലഹിക്കുന്നുണ്ട്. അവിടെയും തന്റെ ഭാഗത്തെ ന്യായീകരിക്കുന്ന മാധവൻ, അവളാണ് തന്നെ ഉപയോഗിച്ചതെന്ന മറുപടിയാൽ അതിനെയും നിസ്സാരവത്ക്കരിക്കുകയാണ്. സ്ത്രീയുടെ സ്ത്രൈണത എന്ന കല്പന സമൂഹം നിർമ്മിച്ചു കൊടുക്കുന്നതാണ്. സമൂഹം കേന്ദ്രീകൃതമാകുമ്പോൾ സ്ത്രീയുടെ സ്ത്രൈണതയ്ക്ക് നിർവ്വചനം കൊടുക്കുന്നതും സമൂഹം തന്നെയാണ്. ഓരോ സാഹചര്യ ത്തിലും എങ്ങനെ പെരുമാറണമെന്ന് പോലും പുരുഷൻ നിർണയിക്കുന്നു. ലൈംഗികത യെക്കുറിച്ച് ആൺകോയ്മാസമൂഹങ്ങൾ സൃഷ്ടിക്കുന്ന മൂല്യമണ്ഡലം വ്യക്തികളുടെ സാമൂഹ്യവിന്യാസത്തിലെ ഉച്ചനീചത്വങ്ങൾക്ക് നിർണ്ണായകഘടകമാകുന്നു.

സ്ത്രീകേന്ദ്രീകൃതമായ മീരയുടെ കഥകളിലെല്ലം പുരുഷൻ വിമർശനം അർഹിക്കുന്ന ഉടൽ മാത്രമാണ്. പുരുഷന്റെ ലൈംഗികതൃഷ്ണ ശമിപ്പിക്കുന്നതിനുള്ള ഒരുപകരണം മാത്രമാണ് സ്ത്രീ എന്ന ചിന്താഗതിക്കാരനാണ് മാധവൻ. എന്നാൽ സ്വന്തം ജീവിത ത്തിലൂടെ സ്ത്രീസൗന്ദര്യം ശരീരത്തിനല്ല മനസ്സിനാണ് വേണ്ടതെന്ന് തുളസി അയാളെ പഠിപ്പിക്കുന്നുണ്ട്. "കനച്ചുനാറുന്ന സാരിയും പഴകിയ അടിവസ്ത്രങ്ങളും അഴിച്ചുമാറ്റി, എല്ലും തോലുമായ ശരീരം നഗ്നമാക്കി ഞാൻ അയാളുടെ മുന്നിൽ നിൽക്കും. ഇടിഞ്ഞുതൂങ്ങിയ മാറിടവും കൂനുപിടിച്ച പുറവും കൊഴുപ്പുരുകി ദയനീയമായ തുടകളും വിണ്ടുകീറിയ കാലുകളും ഞാൻ ലജ്ജയില്ലാതെ അനാവരണം ചെയ്യും. സൗന്ദര്യത്തിന്റെ അർത്ഥം ഞാനയാളെ പഠിപ്പിക്കും." എന്നു പറയാൻ അവളെ പ്രേരിപ്പിച്ചത് അവളനുഭവിച്ച അപമാനവും അവഗണനയുമാണ്. ആൺവഞ്ചനയിൽ സ്വയം ജീവിതം നഷ്ടപ്പെടുത്തിയ അവൾ ഉടലും ഉയിരും കൊണ്ട് അതേ തീവ്രതയോടെ പക വീട്ടുന്നു. തുളസിയുടെ ആത്മാർത്ഥപ്രണയം വൈകിയാണെങ്കിലും മാധവൻ തിരിച്ചറിയുന്നുണ്ട്. ഒരിക്കൽ സുന്ദരികളായ സ്ത്രീശരീര ങ്ങളെ കാർന്നു തിന്ന മാധവൻ, തലമുണ്ഡനം ചെയ്ത്, എല്ലുംതോലുമായി പല്ലു കൊഴിഞ്ഞതും കണ്ണുകുഴിഞ്ഞതുമായ തുളസിയുടെ മുഖത്ത് പ്രേമത്തോടെ നോക്കുന്നു. തന്റെ തെറ്റുകൾക്ക് മാപ്പപേക്ഷിച്ച് മാധവൻ കേണിട്ടും അവൾ ചിത്തഭ്രമം ബാധിച്ച് ചിരിക്കുകയാണുണ്ടായത്. ജീവിതത്തിൽ നേടിയതെല്ലാം നഷ്ടപ്പെട്ട്, സ്ട്രോക്ക് വന്ന ഒരു വശം തളർന്ന മാധവൻ മടങ്ങിച്ചെല്ലാൻ കേണപേക്ഷിക്കുമ്പോൾ വിരൽ കുടിച്ചും മുഖം ചുളിച്ചും മരിച്ചുകിടക്കുന്ന മക്കളെയാണവൾ ഓർക്കുന്നത്. സ്ത്രീകളെ അയാൾക്കിന്ന് ഭയമാണെന്ന് പറയുന്നതു കേട്ട് പൊട്ടിച്ചിരിക്കുന്ന അവൾ ഉന്മാദത്തിന്റെ ആനന്ദ നിർവൃതിയിൽ ചിന്തിക്കുന്നതിങ്ങനെയാണ് "മാധവൻ എന്റേതാണ്. ഞാൻ ഇനിയും അയാളെ പ്രേമിക്കും പകയോടെ പ്രേമിക്കും. പ്രേമം കൊണ്ട് പരാജയപ്പെടുത്തും. പവിത്രീകരിക്കും. ഒടുവിൽ അയാളെത്തന്നെ വിലയം പ്രാപിക്കും." അവൾ നടത്തുന്ന പ്രതിഷേധങ്ങളും കലാപങ്ങളും കീഴടങ്ങാത്ത മനസ്സിന്റെ ബഹിർഗമനങ്ങളാണ്. ഒടുവിൽ ഗോവിന്ദ്ദേവ ക്ഷേത്രത്തിന്റെ മൂന്നാം നിലയിൽ ശവംതീനിയുറുമ്പുകളിൽ വലയം പ്രാപിച്ച് മരണത്തിനായി കാത്ത് കിടക്കുന്ന തുളസി പ്രതിഷേധത്തിന്റെയും പ്രതികാരത്തിന്റെയും പെൺരൂപമാണ്.

കഥാപാത്രങ്ങൾക്ക് കഥാകാരി നൽകിയിരിക്കുന്ന പേരുകൾക്ക് സവിശേഷത യുണ്ട്. മാധവൻ പതിനായിരത്തെട്ട് ഭാര്യമാരുള്ള സാക്ഷാൽ ശ്രീകൃഷ്ണന്റെ നാമം തന്നെയാണ്. കൃഷ്ണന്റെ ഭക്തന്മാരിൽ അഗ്രേസരയായ തുളസീദേവിയുടെ നാമമാണ് നായികയ്ക്ക് നൽകിയിരിക്കുന്നത്. പ്രാണനാഥന്റെ പരസ്ത്രീബന്ധങ്ങളിലുള്ള ശക്തമായ പ്രതിഷേധം കേവലമൊരു വഴക്കിടലിലൊതുക്കാതെ അയാളോടുള്ള നിർവാജ്യമായ പ്രണയത്തെ അതിരൂക്ഷമായ പകയുടെ രൂപത്തിലേക്കാക്കി മാറ്റുമ്പോൾ പുരാണങ്ങളിലെ നായികമാരിൽ നിന്നും തുളസി എന്ന മീരാസാധു തികച്ചും വ്യത്യസ്തയാകുന്നു.

ഇന്നത്തെ പെണ്ണിന്റെ അവസ്ഥകളെ ഫെമിനിസത്തിന്റെ അതിരുകൾക്കപ്പുറ ത്തേയ്ക്ക് കൊണ്ടുപോയി ആവിഷ്കരിക്കുകയാണ് കെ.ആർ. മീര. തന്റെ ജീവിതം നശിപ്പിച്ചവനോടുള്ള പകയും, ജീവിതകാലം എങ്ങനെയെങ്കിലും തള്ളിനീക്കണമെന്ന വിചാരവും, അപമാനബോധവും അതിന്റെ പരിണിതഫലമായുണ്ടായ ഏകാന്തവാസനയും കൊണ്ട് മൂടപ്പെട്ട കഥാപാത്രമാണ് 'തുളസി'. പ്രണയത്തിന്റെ തീവ്രത എത്രയുണ്ടോ അത്രതന്നെ പകയുടെ പ്രതികാരവും ഇതിൽ നിറഞ്ഞു നിൽക്കുന്നു. പുതിയ ലോകത്തിലും കാലത്തിലും സ്ത്രീ അനുഭവിക്കേണ്ടി വരുന്ന വിവിധങ്ങളായ

ജീവിതവ്യഥകളെ തീവ്രമായി ആവിഷ്കരിക്കുന്ന മീരയുടെ എഴുത്ത് ഓരോ പെണ്ണിനും ഇതു തന്റേതെന്നുതന്നെ എന്നു തോന്നിപ്പിക്കുന്ന തരത്തിലാണ്.

**5. ഉപസംഹാരം**

സാംസ്കാരികമേഖലകളിൽ നിന്നും വ്യവഹാരങ്ങളിൽ നിന്നും അന്യമാക്കപ്പെടുന്നു എന്ന തിരിച്ചറിവിലൂടെ തന്റെ വ്യക്തിത്വം സ്ഥാപിച്ചെടുക്കാൻ സ്ത്രീകൾ നടത്തിയ ആശയമാണ് ഫെമിനിസം. സാമൂഹികമായ ലിംഗവിവേചനത്തെ എതിർക്കുക എന്നതാണ് ഫെമിനിസ്റ്റ് ചിന്തയുടെ കാതലായ വശം. പുരുഷ മേൽക്കോയ്മയെ ചോദ്യംചെയ്തുകൊണ്ട് സമൂഹത്തിൽ തങ്ങളുടേതായ ഒരു ഇടം ഉറപ്പിക്കുവാൻ സ്ത്രീകൾ മുന്നോട്ടിറങ്ങി. കേരളത്തിലും മറ്റ് സ്ഥലങ്ങളിലെന്നപോലെ ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾ ശക്തിയാർജ്ജിക്കുകയും അതിന്റെ പ്രതിഫലനം സാഹിത്യം പോലുള്ള സർഗ്ഗാത്മക മേഖലയെ കൂടുതൽ സജീവമാക്കുകയും ചെയ്തു. മറ്റു ഭാഷകളിലുണ്ടായ പോലെ മലയാള സാഹിത്യകൃതികളിലും ഫെമിനിസ്റ്റ് പ്രവണതകളുടെ സ്വാധീനം ദർശിക്കാവുന്നതാണ്.

മനുഷ്യജീവിതനൈരാശ്യത്തെ അനുഭാവപൂർവ്വം പരിഗണിക്കുകയും അവയെ ചേതോഹരമായി ചിത്രീകരിക്കുകയും ചെയ്യുന്നവരാണ് ഉത്തരാധുനികത ഫെമിനിസ്റ്റുകൾ. മലയാളസാഹിത്യത്തിന്റെ പെണ്ണിടങ്ങളിൽ സവിശേഷമായ ഉടലും ഉയിരും ഉള്ളവരാണ് കെ.ആർ മീരയുടെ രചനകൾ. അപമാനിക്കപ്പെട്ട സ്ത്രീത്വത്തിന്റെ ശക്തി വിളിച്ചോതുന്ന ഒരു കൃതിയാണ് 'മീരാസാധു'. ഒരു കാലത്ത് സ്നേഹം യാചിച്ചിരുന്ന സ്ത്രീ കരുത്തോടെ തന്റെ ആധിപത്യം ഉറപ്പിക്കുകയാണ് ഇവിടെ. സ്ത്രീത്വത്തെക്കുറിച്ചുള്ള യാഥാർത്ഥ്യം നിറഞ്ഞ ഒരു ദർശനമാണ് മീര, മീരാസാധു എന്ന സാഹിത്യസൃഷ്ടിയിലൂടെ സമൂഹത്തിനു നൽകുന്നത്.

**സഹായകഗ്രന്ഥങ്ങൾ**

1. അച്യുതൻ എം. പാശ്ചാത്യസാഹിത്യദർശനം, ഡി.സി. ബുക്സ്, കോട്ടയം, 2011
2. ജാൻസി ജെയിംസ് ഡോ, ഫെമിനിസം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000.
3. ജോസഫ്, പരിസ്ഥിതി. ദളിതെഴുത്ത്, പെണ്ണെഴുത്ത് സിദ്ധാന്തവും ആവിഷ്കാരവും, കേരള സർവ്വകലാശാല, തിരുവനന്തപുരം, 2015.
4. മീര കെ.ആർ. മീരയുടെ നോവെല്ലകൾ, ഡി.സി. ബുക്സ്, കോട്ടയം, 2016.
5. ലീലാവതി എം. ഡോ, നവകാന്തം, എസ്.പി.സി.എസ്. പബ്ലിക്കേഷൻസ്, തൃശ്ശൂർ, 2012